DCMPM/1734/2020-DM1 തിയ്യതി - 16.05.2021

**നടപടിക്രമം**

**ചെയർമാൻ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി & ജില്ലാ കളക്ടർ, മലപ്പുറം**

(ഹാജർ - കെ ഗോപാലകൃഷ്ണൻ, ഐ എ എസ്)

| | | |
|---|---|---|
| വിഷയം | : | കോവിഡ് 19 - രോഗനിർവ്യാപന / പ്രതിരോധ ലഘൂകരണ പ്രവർത്തനങ്ങൾ - ലോക്ക് ഡൗൺ - കർശന നിയന്ത്രണങ്ങൾ - ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. |
| സൂചന | : | 1) ജി ഒ (ആർ റ്റി) നം 404/2021/ഡി എം ഡി , തിയ്യതി 06.05.2021.<br>2) ജി ഒ (ആർ റ്റി) നം 416/2021/ഡി എം ഡി , തിയ്യതി 14.05.2021.<br>3) 16.05.2021 തിയ്യതിയിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ തദ്ദേശ സ്വയം ഭരണ സ്ഥാപന മേധാവികളുടെ യോഗം.<br>4) 16.05.2021 തിയ്യതിയിൽ കൂടിയ ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗം. |

**ഉത്തരവ്**

കോവിഡ് 19 രോഗനിർവ്യാപന / പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സൂചന (1) പ്രകാരം സംസ്ഥാനത്ത് 08.05.2021 മുതൽ 16.05.2021 വരെ ലോക്ഡൗൺ ഏർപ്പെടുത്തുകയും സൂചന (2) പ്രകാരം പ്രസ്തുത ലോക്ഡൗൺ 23.05.2021 വരെ തുടരുന്നതിനും , മലപ്പുറം ജില്ലയിൽ അടക്കം കൂടുതൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ് . ആയത് പ്രകാരം കോവിഡ് 19 രോഗനിർവ്യാപന പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ഇക്കാര്യത്തിലേക്കായി 16.05.2021 ന് ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപന മേധാവികളുടെ യോഗം ചേരുകയും ചെയ്തിട്ടുള്ളതാണ്. സർക്കാർ ഉത്തരവിൽ പരാമർശിച്ച പ്രകാരം കൂടുതൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് തീരുമാനിക്കുന്നതിലേക്കായി 16.05.2021 തിയ്യതിയിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗം ചേരുകയും ചെയ്തിട്ടുള്ളതാണ്.

മലപ്പുറം ജില്ലയിൽ കഴിഞ്ഞ കുറേ ദിവസങ്ങളായി ടെസ്റ്റ് പോസിറ്റീവിറ്റി നിരക്ക് , ദിനേനയുള്ള കോവിഡ് 19 രോഗികളുടെ എണ്ണം എന്നിവ യഥാക്രമം 35 % , 4,000 എന്നിവക്ക് മുകളിലായി സ്ഥിരമായി വരുന്ന സാഹചര്യമാണ് നിലവിലുള്ളത് . ഈ കണക്കുകൾ കാണിക്കുന്നത് സംസ്ഥാനത്ത് തന്നെ കോവിഡ് 19 രോഗ തീവ്രത കൂടുതലുള്ള ഒരു ജില്ല മലപ്പുറം ആണെന്നതാണ് .ഈ ഗുരുതര സാഹചര്യത്തിൽ രോഗനിർവ്യാപന / പ്രതിരോധ ലഘൂകരണ പ്രവർത്തനങ്ങൾക്കായി കൂടുതൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

ഈ സാഹചര്യത്തിൽ മലപ്പുറം ജില്ലയിൽ സൂചന (1),(2) ഉത്തരവുകൾ പ്രകാരമുള്ള നിയന്ത്രണങ്ങൾക്ക് പുറമേ താഴെ പരാമർശിച്ച പ്രകാരം കർശന നിയന്ത്രണങ്ങൾ / വ്യവസ്ഥകൾ അധികമായി ഏർപ്പെടുത്തി, ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ എന്ന നിലയിൽ ദുരന്ത നിവാരണ നിയമം 2005 വകുപ്പ് 26(2) 30(2)(iii), (iv) 34 (b),(c) എന്നിവ പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച്

ഇതിനാൽ ഉത്തരവാക്കുന്നു.

**നിയന്ത്രണങ്ങൾ/ വ്യവസ്ഥകൾ**

1) **യാത്രയുമായി ബന്ധപ്പെട്ട്**

1. മെഡിക്കൽ എമർജൻസി, വിവാഹം, മരണം എന്നീ അടിയന്തിര സാഹചര്യങ്ങളിലല്ലാതെയുള്ള യാത്രകൾ കർശനമായി നിരോധിച്ചിരിക്കുന്നു.
2. 10 വയസിന് താഴെയുള്ളവർ , 60 വയസിന് മുകളിലുള്ളവർ എന്നിവർ അവരുടെ അടിയന്തിര മെഡിക്കൽ ആവശ്യത്തിനല്ലാതെ വീടിന് പുറത്തിറങ്ങാൻ പാടുള്ളതല്ല.
3. അവശ്യവസ്തുക്കൾ വാങ്ങിക്കുവാൻ പോവുന്ന പൊതുജനങ്ങൾ നിർബന്ധമായും കയ്യിൽ റേഷൻ കാർഡ് കരുതേണ്ടതാണ് .
4. ജില്ലാ പരിധിയിലെ ഹൈവേയിലൂടെ കടന്ന് പോകുന്ന ദീർഘദൂര യാത്രാവാഹനങ്ങൾ ജില്ലയിൽ നിർത്താൻ പാടുള്ളതല്ല.യാത്രാവേളയിൽ നിയമാനുസൃത പാസ് കൈവശം സൂക്ഷിക്കേണ്ടതാണ്.
5. ചരക്കു വാഹനങ്ങളുടെ ഗതാഗതം അനുവദനീയമാണ്.

2) **സ്ഥാപനവുമായി ബന്ധപ്പെട്ട്**

6. കോവിഡ് 19 രോഗനിർവ്യാപന / പ്രതിരോധ പ്രവർത്തനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട സർക്കാർ ഓഫീസുകൾ , അവശ്യ സേവനം നൽകുന്ന മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവ ഏറ്റവും കുറവ് എണ്ണം ജീവനക്കാരെ വെച്ച് മാത്രമേ പ്രവർത്തിപ്പിക്കുവാൻ പാടുള്ളൂ. ജീവനക്കാർ അവരുടെ സ്ഥാപന മേധാവി നൽകുന്ന ഡ്യൂട്ടി ഓർഡർ , ഐഡി കാർഡ് എന്നിവ യാത്രാ വേളയിൽ കൈവശം സൂക്ഷിക്കേണ്ടതാണ്.
7. പ്രവർത്തനാനുമതിയുള്ള സ്ഥാപനങ്ങളുടെ അകത്തും പുറത്തും കോവിഡ് പ്രോട്ടോകോൾ ഉറപ്പാക്കുന്നതിന്റെ പരിപൂർണ്ണ ഉത്തരവാദിത്തം സ്ഥാപന / ബ്രാഞ്ച് മേധാവിക്കായിരിക്കും. ഇക്കാര്യത്തിലുള്ള അലംഭാവം ഗുരുതരമായി കണക്കാക്കുന്നതാണ്.
8. ബാങ്ക് , ഇൻഷുറൻസ് സ്ഥാപനങ്ങൾ എന്നിവ തിങ്കൾ , ബുധൻ , വെള്ളി എന്നീ ദിവസങ്ങളിൽ ഏറ്റവും കുറവ് ജീവനക്കാരെ വെച്ച് , കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് രാവിലെ 10.00 മണി മുതൽ ഉച്ചക്ക് 01.00 മണി വരെ പ്രവർത്തിക്കാവുന്നതാണ് . ബാങ്കിതര സാമ്പത്തിക സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി ഉണ്ടായിരിക്കുന്നതല്ല.
9. ആശുപത്രികൾ , മെഡിക്കൽ അനുബന്ധ സ്ഥാപനങ്ങൾ / വ്യവസായങ്ങൾ , മെഡിക്കൽ ലാബ് , ഭക്ഷ്യ - അനുബന്ധ വ്യവസായങ്ങൾ, മീഡിയ എന്നിവയ്ക്ക് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് പ്രവർത്തിക്കാവുന്നതാണ് .

3) **അവശ്യവസ്തുക്കളുമായി ബന്ധപ്പെട്ട്**

10. പാൽ, പത്രം ,മത്സ്യം മാംസം എന്നിവ രാവിലെ 08.00 മണിക്കകം വിതരണം പൂർത്തിയാക്കേണ്ടതാണ് . പാൽ സംഭരണം രാവിലെ 08.00 മണി വരേയും വൈകുന്നേരം 03.00 മുതൽ വൈകുന്നേരം 05.00 വരേയും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് നടത്തുന്നത് അനുവദനീയമാണ്.

11. റേഷൻ കടകൾ, ഭക്ഷ്യ , അവശ്യവസ്തുക്കളുടെ കച്ചവട സ്ഥാപനങ്ങൾ (മിൽമ സ്ഥാപനങ്ങൾ ഉൾപ്പെടെ) ഉച്ചയ്ക്ക് 02.00 മണി വരെ മാത്രമെ പ്രവർത്തിപ്പിക്കുവാൻ പാടുള്ളു.

12. ഭക്ഷ്യ , അവശ്യവസ്തുക്കളുടെ കച്ചവട സ്ഥാപനങ്ങൾ പരമാവധി ഹോം ഡെലിവറി / ഓൺ ലൈൻ പേമെന്റ് എന്നിവ പ്രോൽസാഹിപ്പിക്കേണ്ടതാണ്.

13. ക്വാറണ്ടീനിൽ കഴിയുന്നവർ യാതൊരു കാരണവശാലും പുറത്തിറങ്ങാൻ പാടുള്ളതല്ല. അവർക്കും റേഷൻ കാർഡ് ഇല്ലാത്തവർക്കും വേണ്ട മരുന്ന് / ഭക്ഷണ സാധനങ്ങൾ RRT അംഗങ്ങൾ അവരുടെ വീട്ടുകളിൽ എത്തിക്കേണ്ടതാണ്. RRT അംഗങ്ങൾക്ക് (ഒരു വാർഡിന് പരമാവധി 05 എന്ന കണക്കിൽ ) തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇൻസിഡെന്റ് കമാണ്ടർ (തഹസ്സിൽദാർ) പ്രവർത്തന പരിധി രേഖപ്പെടുത്തിയ പാസ്സ് നൽകേണ്ടതാണ്. മറ്റ് പാസ്സുകൾക്ക് സാധുത ഉണ്ടായിരിക്കുന്നതല്ല. ട്രോമാ കെയർ വളണ്ടിയർമാർക്ക് സർക്കാർ വകുപ്പുകളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന് അനുമതി ഉണ്ടായിരിക്കുന്നതാണ് . മറ്റ് വളണ്ടിയർമാർക്ക് പ്രവർത്തന പരിധി രേഖപ്പെടുത്തിയ പാസ്സ് തഹസ്സിൽദാർ നൽകേണ്ടതാണ്

14. പച്ചക്കറി മൊത്തവിതരണ കേന്ദ്രങ്ങൾ പുലർച്ചെ 03.00 മണി മുതൽ രാവിലെ 07.00 മണി വരെ പ്രവർത്തിപ്പിക്കുവാൻ പാടുള്ളു.

15. പൊതു ഇടങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അണുവിമുക്തമാക്കേണ്ടതാണ് . തുറന്ന് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും സ്ഥാപന ഉടമകൾ ദിവസവും അണുവിമുക്തമാക്കേണ്ടതാണ്. പൊതു മാർക്കറ്റുകളിലേക്കുള്ള പ്രവേശനം / പുറത്ത് കടക്കൽ എന്നിവ ഒരൊറ്റ വഴിയിലൂടെ ആയി പരിമിതപ്പെടുത്തേണ്ടതാണ് . പ്രവേശന കവാടത്തിൽ , തെർമൽ സ്കാനിംഗ് , സാനിറ്റൈസേഷൻ എന്നിവക്കുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ് . മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഇൻസിഡെന്റ് കമാണ്ടർ / പോലീസ് / തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്.

16. പൊതുജനങ്ങൾ നിബന്ധനകൾ പാലിച്ച് കൊണ്ട് അവശ്യ വസ്തുക്കൾ വാങ്ങി പോകുന്നതിനുള്ള സൗകര്യങ്ങൾ പോലീസ് ചെയ്ത് കൊടുക്കേണ്ടതാണ്.

17. തിങ്കൾ , ബുധൻ , വെള്ളി എന്നീ ദിവസങ്ങളിൽ റേഷൻ കാർഡ് നമ്പറിന്റെ അവസാന അക്കം ഒറ്റ അക്കത്തിൽ വരുന്ന കാർഡുടമകൾക്കും ചൊവ്വ, വ്യാഴം , ശനി എന്നീ ദിവസങ്ങളിൽ റേഷൻ കാർഡ് നമ്പറിന്റെ അവസാന അക്കം ഇരട്ട അക്കത്തിൽ വരുന്ന കാർഡുടമകൾക്കും അവശ്യവസ്തുക്കൾ വാങ്ങുന്നതിലേക്കായി മാത്രം യാത്ര അനുവദിക്കുന്നതാണ് .

18. റേഷൻ കാർഡ് യാതൊരു കാരണവശാലും ദുരുപയോഗം ചെയ്യാൻ പാടുള്ളതല്ല. അവശ്യവസ്തുക്കൾ

വാങ്ങുന്നതിന് ഒരു റേഷൻ കാർഡ് ഉപയോഗിച്ച് ഒരു കുടുംബത്തിലെ ഒരാൾക്ക് മാത്രമേ ഒരു ദിവസം പുറത്തിറങ്ങാൻ പാടുകയുള്ളൂ.

19. ഹോട്ടലുകൾ / സാമൂഹിക അടുക്കളകൾ ഹോം ഡെലിവറിക്കായി മാത്രം രാവിലെ 07.00 മണി മുതൽ രാത്രി 07.00 മണി വരെ പ്രവർത്തിക്കാവുന്നതാണ് . നേരിട്ടുള്ള വിതരണം / പാർസൽ സർവ്വീസ് അനുവദനീയമല്ല .

20. പ്രവർത്താനുമതിയുള്ള സ്ഥാപനങ്ങൾക്കകത്ത് ഉപഭോക്താക്കൾ കൃത്യമായ സാമൂഹികാകലം പാലിക്കുന്നുണ്ടെന്ന് സ്ഥാപന ഉടമകൾ ഉറപ്പ് വരുത്തേണ്ടതാണ് . സ്ഥാപനങ്ങളുടെ അകത്ത് ഒരു സമയത്ത് പരമാവധി 05 പേർ മാത്രമേ അനുവദിക്കുകയുള്ളൂ. ഇക്കാര്യത്തിലുള്ള ലംഘനം സ്ഥാപന ഉടമക്കെതിരെ ഉള്ള നിയമ നടപടിക്കിടയാക്കുന്നതാണ് .

21. സ്ഥാപനങ്ങളുടെ പുറത്ത് സാമൂഹികാകലം പാലിക്കുന്നതിലേക്കായി ക്യൂ സംവിധാനത്തിനായി പ്രത്യേകം അടയാളങ്ങൾ (45cm diameter circles) രേഖപ്പെടുത്തേണ്ടതാണ് . ഈ അടയാളങ്ങൾ തമ്മിൽ കുറഞ്ഞത് 150 cm അകലം ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ സാനിറ്റൈസർ / സോപ്പുപയോഗിച്ച് കൈ കഴുകുവാനുള്ള സൗകര്യം ക്രമീകരിക്കേണ്ടതാണ് . എല്ലാവരും മാസ്ക് നിർബന്ധമായും ധരിക്കേണ്ടതുമാണ്.

22. മാസ്ക് ധരിക്കാത്തവർക്ക് സാധനങ്ങൾ കൊടുക്കാൻ പാടുള്ളതല്ല

23. മേൽ സൂചിപ്പിച്ചവ പാലിച്ചില്ലെങ്കിൽ പ്രസ്തുത സ്ഥാപനം യാതൊരു മുന്നറിയിപ്പുമില്ലാതെ അടപ്പിക്കുന്നതാണ് .

24. വഴിയോര കച്ചവടം , വീടുകൾ തോറും കയറിയിറങ്ങിയുള്ള വിൽപന എന്നിവ പൂർണ്ണമായും നിരോധിച്ചിരിക്കുന്നു.

## 4) <u>മറ്റ് നിബന്ധനകൾ</u>

25. ഹാർബർ പ്രവർത്തിപ്പിക്കുവാൻ പാടുള്ളതല്ല.മത്സ്യ ബന്ധനത്തിന് വിലക്കേർപ്പെടുത്തിയിരിക്കുന്നു.

26. പെട്രോൾ പമ്പുകൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് പ്രവർത്തിക്കാവുന്നതാണ് .

27. വിവാഹ ചടങ്ങുകൾ പരമാവധി മാറ്റി വെക്കേണ്ടതാണ്. ഒഴിവാക്കാനാവാത്ത വിവാഹങ്ങളും മരണാന്തര ചടങ്ങുകളും പരമാവധി 20 ആളുകൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് നടത്തേണ്ടതാണ്. മറ്റ് യാതൊരു വിധ ഒത്ത് കൂടലുകളും പാടില്ലാത്തതാണ് .

28. ജില്ലയിൽ ആരാധനാലയങ്ങളിൽ ഭക്തർക്ക് പ്രവേശനമുണ്ടായിരിക്കുന്നതല്ല.

29. നിലവിൽ പുരോഗമിച്ച് കൊണ്ടിരിക്കുന്ന പൊതുനിർമ്മാണ പ്രവൃത്തികൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് തുടരുവാൻ അനുവദിക്കുന്നതാണ്.

30. മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങൾ ശുചീകരണ പ്രവർത്തനങ്ങൾ ജലാശയങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തികൾ എന്നിവ അനുവദിക്കുന്നതാണ്.

31. നെല്ല് സംഭരണം അനുവദനീയമാണ്.

32. എൽ പി ജി വിതരണം അനുവദനിക്കുന്നതാണ്. വിതരണക്കാർ മാസ്ക് , ഗൗസ് , സാനിറ്റൈസർ

മുതലായവ നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്.

33. ബന്ധപ്പെട്ട വകുപ്പ് / ഏജൻസികൾക്ക് പച്ചക്കറി / ധാന്യ സംഭരണം നടത്താവുന്നതാണ്.RRT വഴി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പച്ചക്കറി വീട്ടുകളിൽ എത്തിക്കാവുന്നതാണ്.

34. ദുരിതാശ്വാസം / ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ അനുവദനീയമാണ്. ദുരന്ത മേഖല സന്ദർശനം പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

മുകളിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികളിൽ കർശനമായ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

അവശ്യവസ്തുക്കളുടെ ലഭ്യത സംബന്ധിച്ച ഉറപ്പ് വരുത്തുന്നതിനായി ജില്ലാ സപ്ലൈ ഓഫീസർ അധിക സ്ക്വാഡുകൾ പ്രവർത്തിപ്പിക്കേണ്ടതാണ്.പ്രസ്തുത സ്ക്വാഡുകൾക്ക് നിയമവിരുദ്ധ പ്രവൃത്തികൾ കണ്ടെത്തുന്ന കടകൾ അടപ്പിക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ് .

എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഇത് സംബന്ധിച്ച പൊതു അറിയിപ്പ് ഉച്ചഭാഷിണിയിലൂടെ നൽകേണ്ടതാണ്. ഈ ഉത്തരവിലെ നിബന്ധനകൾ / ജില്ലാ ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കി നൽകുന്ന അറിയിപ്പുകൾ മാത്രമേ പ്രചരിപ്പിക്കുവാൻ പാടുള്ളൂ.

മേൽ ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ 1897 ലെ പകർച്ചവ്യാധി തടയൽ നിയമം , 2021 ലെ കേരള പകർച്ചവ്യാധി രോഗ ഓർഡിനൻസ് , ദുരന്ത നിവാരണ നിയമം 2005 , ഐ.പി.സി സെക്ഷൻ 188 എന്നിവ പ്രകാരം കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

ചെയർമാൻ
ജില്ലാ ദുരന്തനിവാരണ അതോറിറ്റി
&
ജില്ലാ കളക്ടർ
മലപ്പുറം

പകർപ്പ് :

1. ജില്ലാ പോലീസ് മേധാവി, മലപ്പുറം (ജില്ലയിലെ എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതും അവശ്യവസ്തുക്കൾ വാങ്ങാൻ വരുന്നവർക്ക് സുഗമമായി കടകളിൽ എത്തിച്ചേരുവാൻ വേണ്ട സൗകര്യമേർപ്പെടുത്തേണ്ടതാണ്.)
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), മലപ്പുറം.(ജില്ലയിലെ എല്ലാ മെഡിക്കൽ ഓഫീസർമാർക്കും ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്)
3. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, മലപ്പുറം (പത്ര-ദൃശ്യ മാധ്യമങ്ങളിൽ - പരസ്യപ്പെടുത്തുന്നതിനായി)
4. ലീഡ് ഡിസ്ട്രിക്റ്റ് മാനേജർ , മലപ്പുറം
5. പ്രദേശം ഉൾപ്പെടുന്ന ത. സ്വ. സ്ഥാ സെക്രട്ടറിമാർക്ക്
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
7. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, പൊന്നാനി , മലപ്പുറം